**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 1** **23-01-2025 - ൽ മറുപടിയ്ക്ക്**

**വയനാട് പാക്കേജിന് ലഭിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ഡോ. എം. കെ. മുനീർ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | 2024 ജൂലൈ 30-ന് ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ലഭിക്കുന്ന തുക വയനാട്ടിലെ ഉരുൾപൊട്ടൽ ദുരിതബാധിതർക്കായി വിനിയോഗിക്കാൻ തീരുമാനിച്ചിരുന്നോ; വ്യക്തമാക്കുമോ; | (എ) | മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിന് ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നതിന് അഭ്യർത്ഥിച്ചിരുന്നു. ഇപ്രകാരം 17.01.2025 വരെ 712.98 കോടി രൂപ ലഭിച്ചിട്ടുണ്ട്. ലഭ്യമായ തുക ദുരിത ബാധിതർക്കായി വിനിയോഗിച്ചുവരുന്നു.<br><br>രക്ഷാപ്രവർത്തനങ്ങളും ദുരിതാശ്വാസവും സമയബന്ധിതമായി പൂർത്തിയാക്കിയ ശേഷം ഏറ്റവും വേഗത്തിൽ പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സഹായഹസ്തവുമായി അനേകം പേർ എത്തി. ലഭിക്കുന്ന എല്ലാ സഹായങ്ങളും ഏകോപിപ്പിച്ച് സമയബന്ധിതമായി പുരനധിവാസം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.<br><br>പുനരധിവാസ പദ്ധതിക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി, എസ്.ഡി.ആർ.എഫ്, സ്പോൺസർഷിപ്പ്, സി.എസ്.ആർ ഫണ്ട്, പി. ഡി. എൻ. എ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന കേന്ദ്ര സഹായം എന്നിവ വിനിയോഗിക്കും. പുനരധിവാസവുമായി ബന്ധപ്പെട്ട് വീടുകൾ വാഗ്ദാനം ചെയ്ത സ്പോൺസർമാരുടെ യോഗം ഇതിനകം വിളിച്ചുചേർത്തിട്ടുണ്ട്. നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ടൗൺഷിപ്പിന്റെ മാതൃക യോഗത്തിൽ അവതരിപ്പിക്കുകയുണ്ടായി. പുനരധിവാസ പദ്ധതികൾക്ക് എല്ലാ പിന്തുണയും സ്പോൺസർമാർ വാഗ്ദാനം ചെയ്തിട്ടുണ്ട്.<br><br>പുനരധിവാസത്തിനായി വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും സ്പോൺസർഷിപ്പ് |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതിന്റെ ഭാഗമായി ഒരു സ്പോൺസർഷിപ്പ് ഫ്രെയിം വർക്കിന് അംഗീകാരം നൽകിയിട്ടുണ്ട്. സ്പോൺസർഷിപ്പ് പ്രകാരം ലഭിക്കുന്ന തുകയ്ക്കായി ഒരു dedicated ബാങ്ക് അക്കൗണ്ട് തുറക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.<br><br>ദുരന്തത്തെ അതിതീവ്ര ദുരന്തമായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ധനസഹായം എംപിമാരുടെ വികസന ഫണ്ടിൽ നിന്നുൾപ്പെടെ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | വയനാട് പാക്കേജിനായി ഇതുവരെ ലഭിച്ച തുകയുടെ വിശദാംശം നൽകുമോ; | (ബി) | മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിന് ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നതിന് അഭ്യർത്ഥിച്ചിരുന്നു. ഇപ്രകാരം 17.01.2025 വരെ 712.98 കോടി രൂപ ലഭിച്ചിട്ടുണ്ട്. ലഭ്യമായ തുക ദുരിത ബാധിതർക്കായി വിനിയോഗിച്ചുവരുന്നു.<br><br>രക്ഷാപ്രവർത്തനങ്ങളും ദുരിതാശ്വാസവും സമയബന്ധിതമായി പൂർത്തിയാക്കിയ ശേഷം ഏറ്റവും വേഗത്തിൽ പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സഹായഹസ്തവുമായി അനേകം പേർ എത്തി. ലഭിക്കുന്ന എല്ലാ സഹായങ്ങളും ഏകോപിപ്പിച്ച് സമയബന്ധിതമായി പുനരധിവാസം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.<br><br>പുനരധിവാസ പദ്ധതിക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി, എസ്.ഡി.ആർ.എഫ്, സ്പോൺസർഷിപ്പ്, സി.എസ്.ആർ ഫണ്ട്, പി. ഡി. എൻ. എ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന കേന്ദ്ര സഹായം എന്നിവ വിനിയോഗിക്കും. പുനരധിവാസവുമായി ബന്ധപ്പെട്ട് വീടുകൾ വാഗ്ദാനം ചെയ്ത സ്പോൺസർമാരുടെ യോഗം ഇതിനകം വിളിച്ചുചേർത്തിട്ടുണ്ട്. നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ടൗൺഷിപ്പിന്റെ മാതൃക യോഗത്തിൽ അവതരിപ്പിക്കുകയുണ്ടായി. പുനരധിവാസ പദ്ധതികൾക്ക് എല്ലാ പിന്തുണയും സ്പോൺസർമാർ വാഗ്ദാനം ചെയ്തിട്ടുണ്ട്.<br><br>പുനരധിവാസത്തിനായി വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും സ്പോൺസർഷിപ്പ് സ്വീകരിക്കുന്നതിന്റെ ഭാഗമായി ഒരു സ്പോൺസർഷിപ്പ് ഫ്രെയിം വർക്കിന് അംഗീകാരം നൽകിയിട്ടുണ്ട്. സ്പോൺസർഷിപ്പ് പ്രകാരം ലഭിക്കുന്ന തുകയ്ക്കായി ഒരു dedicated ബാങ്ക് അക്കൗണ്ട് തുറക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ദുരന്തത്തെ അതിതീവ്ര ദുരന്തമായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ധനസഹായം എംപിമാരുടെ വികസന ഫണ്ടിൽ നിന്നുൾപ്പെടെ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ ദുരന്തത്തിനിരയായവരുടെ പുനരധിവാസത്തിന് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റിലും കൽപ്പറ്റ മുൻസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റിലും മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. KIIFCON നെ പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റ്/ എംപ്ലോയർ പ്രതിനിധിയായി നിയമിച്ചിട്ടുണ്ട്.<br><br>നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ എഞ്ചിനീയറിംഗ്  പ്രൊക്യുയർമെന്റ് ആന്റ് കൺസ്ട്രക്ഷൻ കരാറുകാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. 1000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഭാവിയിൽ ഒരുനില കൂടി നിർമ്മിക്കാൻ കഴിയുന്ന തരത്തിലായിരിക്കും കെട്ടിടത്തിന്റെ അടിസ്ഥാനം നിർമ്മിക്കുക.<br><br>ടൗൺഷിപ്പിൽ അംഗൻവാടി, പോസ്റ്റ് ഓഫീസ്, ആശുപത്രി, മാലിന്യസംസ്കരണ സംവിധാനം, കമ്മ്യൂണിറ്റി ഹബ്ബ്, പാർക്ക്, മറ്റ് സാമൂഹിക പശ്ചാത്തലങ്ങൾ എന്നിവ അടങ്ങുന്ന സമഗ്ര പുനരധിവാസ പദ്ധതിയാണ് നടപ്പാക്കുക. നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്.<br><br>ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ട ലിസ്റ്റിലും, വാസയോഗ്യമല്ലാതായി തീർന്ന സ്ഥലങ്ങളിൽ ഉൾപ്പെടുന്ന കുടുംബങ്ങളെ രണ്ടാം ഘട്ട ലിസ്റ്റിലും ഉൾപ്പെടുത്തി ഒരുമിച്ച് പുനരധിവാസം നടപ്പാക്കും. നിർദ്ദിഷ്ട ടൗൺഷിപ്പിന് പുറത്ത് താമസിക്കാൻ ആഗ്രഹിക്കുന്ന ദുരന്തബാധിത കുടുംബങ്ങൾക്ക് 15 ലക്ഷം രൂപ അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട്.<br><br>ടൗൺഷിപ്പ് പദ്ധതി നടത്തിപ്പിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വയനാട് പുനർനിർമ്മാണ സമിതി, മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രമുഖ സ്പോൺസർമാരും അടങ്ങുന്ന ഉപദേശക സമിതി, ചീഫ് സെക്രട്ടറി ചെയർപേഴ്സണായ ഏകോപന സമിതിയും രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | വയനാട് പാക്കേജിനായി സന്നദ്ധസംഘടനകളിൽ നിന്നും വ്യക്തികളിൽനിന്നും കേന്ദ്ര | (ഡി) | കേന്ദ്രസർക്കാരിൽ നിന്ന് ഇതുവരെ ധനസഹായം ലഭിച്ചിട്ടില്ല. പി.ഡി.എൻ.എ റിപ്പോർട്ടിന്റെ |

| | | | |
|---|---|---|---|
| | സർക്കാരിൽനിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | | അടിസ്ഥാനത്തിൽ കേന്ദ്ര സഹായം ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥനയെ തുടർന്ന് ദുരന്തത്തെ കേന്ദ്രസർക്കാർ അതിതീവ്രദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ധനസഹായവും പ്രതീക്ഷിക്കുന്നു.<br><br>മുണ്ടക്കൈ-ചൂരൽമല ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ 17.01.2025 വരെ 712.98 കോടി രൂപ ലഭിച്ചിട്ടുണ്ട്. ടൗൺഷിപ്പിൽ വീട് നിർമ്മിച്ച് നൽകാമെന്ന് നിരവധി സ്പോൺസർമാർ അറിയിച്ചിട്ടുണ്ട്. ചില രംഗങ്ങളിൽ സി.എസ്.ആർ ഫണ്ട് ഉൾപ്പെടെയുള്ള ധനസഹായവും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ